**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ ഉപഭോഗത്തിലും ലഭ്യതയിലും സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ ദൈനംദിന ആവശ്യത്തിന് വേണ്ടുന്ന മത്സ്യത്തിന്റെ അളവും സംസ്ഥാനത്ത് നിന്നുള്ള മത്സ്യ ലഭ്യതയുടെ അളവും എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ദിനംപ്രതി ഏകദേശം 2054.79 മെട്രിക് ടൺ മത്സ്യം ആവശ്യമായി വരുന്നതായി കണക്കാക്കപ്പെടുന്നു. അതു പ്രകാരം വർഷം തോറും 7.5 ലക്ഷം മെട്രിക് ടണ്ണിന്റെ മത്സ്യാവശ്യകതയുണ്ട്. ഇതു കൂടാതെ വർഷം തോറും 1.48 ലക്ഷം മെട്രിക് ടൺ മത്സ്യം സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. അങ്ങനെ വർഷം തോറും 8.98 ലക്ഷം മെട്രിക് ടൺ മത്സ്യാവശ്യകതയാണ് സംസ്ഥാനത്ത് ഉള്ളത്. സംസ്ഥാനത്തെ അവസാന 5 വർഷത്തെ വാർഷിക മത്സ്യ ലഭ്യത (marine + inland) ചുവടെ ചേർക്കുന്നു.<br><br>2017-18 - 6.73 ലക്ഷം മെട്രിക് ടൺ<br>2018-19 - 8.02 ലക്ഷം മെട്രിക് ടൺ<br>2019-20 - 6.80 ലക്ഷം മെട്രിക് ടൺ<br>2020-21 - 6.16 ലക്ഷം മെട്രിക് ടൺ<br>2021-22 -8.27 ലക്ഷം മെട്രിക് ടൺ |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ദിനം പ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഇത്തരത്തിൽ സംസ്ഥാനത്ത് എത്തുന്ന മത്സ്യങ്ങളിലെ മായം ചേർക്കൽ തടയുവാൻ ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടണ്ണാണെന്ന് കണക്കാക്കിയിട്ടുണ്ട്. അതായത് ദിനംപ്രതി ഏകദേശം 600 ടൺ മത്സ്യമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് പുറത്തു നിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ/മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തി വരുന്നു. |
| (സി) | ഇത്തരത്തിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര തോതിലുള്ള മത്സ്യം നശിപ്പിച്ചുവെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് വിൽപ്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി ¶' **ഓപ്പറേഷൻ മത്സ്യ'** എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യ സം,സ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെ യുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. രാസപദാർത്ഥങ്ങൾ കലർന്നതോ കേടായതോ ആയ മത്സ്യം കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38 (4) പ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് ടി മത്സ്യം നശിപ്പിക്കാവുന്നതാണ്. ഈ സർക്കാർ കാലയളവിൽ നാളിതു വരെ ഭക്ഷ്യയോഗ്യമല്ലാത്ത 23514 കിലോഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്. 'ഓപ്പറേഷൻ മത്സ്യ'യുമായി ബന്ധപ്പെട്ട് ശേഖരിച്ച 13 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ പരിശോധനയ്ക്കായി ഭക്ഷ്യ സുരക്ഷാ ലാബുകളിലേയ്ക്ക് അയച്ചിട്ടുണ്ട്. സുരക്ഷിതമല്ല എന്ന ലാബ് റിപ്പോർട്ടുകൾ ലഭിക്കുന്ന പക്ഷം കുറ്റക്കാർക്കെതിരെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉൽപാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മത്സ്യ ഉപഭോഗത്തിലും ലഭ്യതയിലും സംസ്ഥാനം എപ്പോൾ സ്വയം പര്യാപ്തത കൈവരിക്കും എന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 98 കോടി രൂപ അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 20 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന നൂതന പദ്ധതികളായ ബയോഫ്ലോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ, ഓരു ജല കൂട്ട കൃഷി, കുളങ്ങളിലെ ഓരു ജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര റിയറിംഗ് യൂണിറ്റുകൾ എന്നിവ നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷം അഡാക്ക് മുഖേന പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെയും ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചു വരുന്നു.

2021-22 സാമ്പത്തിക വർഷം പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പദ്ധതി നടപ്പിലാക്കി ഏകദേശം 366.50 ലക്ഷം ചെമ്മീൻ/ മത്സ്യകുഞ്ഞുങ്ങളെ പദ്ധതിയുടെ ഭാഗമായി നിക്ഷേപിച്ചു. 2021-22 സാമ്പത്തിക വർഷം 150 ലക്ഷം അടങ്കൽ തുകയുടെ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഈ പദ്ധതികൾ കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

കേരളത്തിന്റെ ഉൾനാടൻ ജല സ്രോതസ്സിൽ 8471 ഹെക്ടർ ശുദ്ധജലകുളങ്ങളും 2543 ഹെക്ടർ ഓരു ജലകുളങ്ങളും ഒരു നെല്ലും ഒരു മീനും കൃഷിയ്ക്ക് അനുയോജ്യമായ 49718 ഹെക്ടർ പാടശേഖരങ്ങളും ഒരു നെല്ലും ഒരു ചെമ്മീനും കൃഷിയ്ക്കു അനുയോജ്യമായ 5428 ഹെക്ടർ പാടശേഖരങ്ങളും 34,989 ഹെക്ടർ വിസ്തൃതിയിലുള്ള 47 റിസർവോയറുകളും 46,129 ഹെക്ടർ വിസ്തൃതിയുള്ള 51 കായൽ പ്രദേശങ്ങളും 85,000 ഹെക്ടർ വിസ്തൃതിയുള്ള 44 നദികളും ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള ഉൾനാടൻ ജലവിഭവ ശേഷി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തിയാൽ നിലവിലെ 2 ലക്ഷം മെട്രിക് ടൺ ഉൾനാടൻ മത്സ്യോൽപ്പാദനം ഇരട്ടിയാക്കാൻ സാധിക്കുന്നതാണെന്ന് വിലയിരുത്തുകയും അതനുസരിച്ചുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു.

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rule ഉം കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾനെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണിവലിപ്പം

നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിനുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യ തീറ്റ നിർമ്മാണത്തിനും മറ്റു ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാതീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമപാര് നിക്ഷേപിക്കുന്നതിലൂടെ മത്സ്യപ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനായുള്ള "കൃത്രിമപാര്" പദ്ധതി പ്രാവർത്തികമാക്കി. കടൽ മൽസ്യങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ,എറണാകുളം , മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 വർഷം കടൽ മത്സ്യ ഉൽപ്പാദനം 6.02 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.